**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5083** **20-03-2025 - ൽ മറുപടിയ്ക്ക്**

**നാട്ടുകുന്ന് പ്രദേശത്തെ കുടുംബങ്ങളുടെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി താലൂക്കിലെ കൊടകര വില്ലേജിൽ നാട്ടുകുന്ന് പ്രദേശത്ത് ഇരുപത്തിയഞ്ചോളം കുടുംബങ്ങൾക്ക് കൈവശാവകാശം തെളിയിക്കുന്നതിന് പട്ടയരേഖകളോ പകർപ്പോ ആധാരങ്ങളോ ഇല്ലാത്തതിനാൽ ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാനാകാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ചാലക്കുടി താലൂക്കിലെ കൊടകര വില്ലേജിൽ നാട്ടുകുന്ന് പ്രദേശത്ത് കൊടകര വില്ലേജ് സർവ്വേ നമ്പർ 1684-ൽ ഉൾപ്പെട്ട ഏകദേശം 25-ഓളം കുടുംബങ്ങൾക്ക് പട്ടയ രേഖകളോ പകർപ്പോ കൈവശമില്ലാത്തതാണ്. ചില കൈവശക്കാരുടെ ആധാരങ്ങളിൽ J P പട്ടയം എന്നു പരാമർശിക്കുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച ഫയലോ മറ്റ് ആധികാരിക രേഖകളോ ലഭ്യമല്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ എല്ലാവരും നികുതി അടച്ചു വരുന്നതാണ് എന്നിരുന്നാലും ആധികാരിക രേഖകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ കക്ഷികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാനാകാത്ത സാഹചര്യം ഉണ്ട്. |
| (ബി) | നികുതി അടച്ച് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമിക്ക് പട്ടയ രേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ പ്രതിസന്ധിയിലായ ഈ കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കൊടകര വില്ലേജ്, സർവ്വേ 1684-ൽ 1 മുതൽ 9 വരെ 21 മുതൽ 26 വരെ, 27 മുതൽ 29 വരെ, 30 മുതൽ 40 വരെ പുരയിടമായി പതിഞ്ഞിട്ടുള്ളതും അവയിൽ JP 1, 2, 3 etc. എന്നിങ്ങനെ പട്ടയ നമ്പറും പട്ടയദാരുടെ പേരും ബി. ടി. ആറിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. സർവ്വേ 1684/12, 13, 14 (ബി. ടി. ആർ പ്രകാരം പുറമ്പോക്ക്) എന്നിവയിൽ തൃശ്ശൂർ ലാന്റ് അസൈൻമെന്റ് ആഫീസിൽ നിന്നും 1960-ൽ LA (P) പട്ടയവും നൽകിയിട്ടുള്ളതാണ്. മറ്റ് ചില കൈവശക്കാർക്ക് കൈവശം തെളിയിക്കുന്നതിന് മതിയായ പട്ടയമോ ആധാരമോ ഇല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.<br><br>നിജസ്ഥിതി സർട്ടിഫിക്കറ്റ് നല്കാൻ കഴിയുന്ന കേസുകളിൽ ആയതു നൽകിയും ബി. ടി. ആർ. |

| | | | |
|---|---|---|---|
| | | | പ്രകാരം പുരയിടമായി പതിഞ്ഞിട്ടുള്ള ഭൂമികൾക്ക് നിലവിലെ കൈവശക്കാരുടെ പേരിൽ അപേക്ഷ സ്വീകരിച്ച് ക്രയസർട്ടിഫിക്കറ്റ് അനുവദിക്കാൻ കഴിയുമോ എന്നത് പരിശോധിച്ചും പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ